# എൻെറ മദിരാശി വിശേഷങ്ങൾ

## (നാഴികക്കല്ലുകൾ)

പ്രൊഫ: എം.ടി. ആൻറണി, ന്യൂയോർക്ക്



ഓർമ്മക്കുറിപ്പുകൾ എഴുതുമ്പോൾ ഓർമ്മകൾ ഉണർത്തുന്ന കാലത്തേക്ക് ഒരു തിരിച്ച്പോക്ക് അനുഭവപ്പെടുന്ന സുഖമുണ്ട്. എൻെറ വീട്ടുകാർ എന്നെ ഉപരിപഠനാർത്ഥം മദിരാശിയിലേക്ക് അയക്കാൻ തീരുമാനിച്ചപ്പോൾ ഒരു ടീനേജ് കാരനായ എനിക്ക് അൽപ്പം പരിഭ്രമവും ഭയാശങ്കകളുമുണ്ടായെങ്കിലും എൻെറ സഹോദരൻ അവിടെ വക്കീൽ ഭാഗം പഠിക്കാൻ നേരത്തെ പോയിരുന്നത്കൊണ്ട് മനസ്സിനു ആശ്വാസം തോന്നിയിരുന്നു. മക്കളെ ഏറ്റവും നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുക എന്നത് എൻെറ പ്രിയ പിതാവിൻെറ ആഗ്രഹമായിരുന്നു. ഇന്ന് അമേരിക്കയിലേക്കും, ഇംഗ്ലണ്ടിലേക്കും വിദ്യാർത്ഥികൾ പഠിക്കാൻ പോകുന്ന പോലെയാണു് അന്ന് മദിരാശിയിലേക്ക് വിദ്യാർത്ഥികൾ പോയിരുന്നത്. മദിരാശിയിലെ പ്രശസ്തമായ കോളേജുകളിൽ നിന്നും, നമ്മുടെ മലയാളികളിൽ സാമ്പത്തിക സ്ഥിതി അനുവദിക്കുന്ന വീട്ടിലെ വിദ്യാർത്ഥികൾ ബിരുദം നേടിയിരുന്നു.



കൽക്കരിയിൽ ഓടുന്ന അന്നു കാലത്തെ തീവണ്ടി, യാത്രക്കാർക്കെല്ലാം ഒരു കരിവേഷം കൊടുക്കുമായിരുന്നു. കാറ്റത്ത് പറന്ന് വരുന്ന കൽക്കരികണങ്ങൾ പരന്ന മുഖവുമായി യാത്രക്കാർ ഇരിക്കുന്നത് എന്നെ രസിപ്പിച്ചിരുന്നു. കേരളം കഥകളിയുടെ നാടായതിനാൽ അവിടെ നിന്നും വരുന്ന യാത്രകാരെ സംബന്ധിച്ചേടത്തോളം അത് രസമാണു്. കഥകളിയിലെ അഞ്ച് വേഷങ്ങളിൽ ഒന്നാണു് കരി, മറ്റുള്ളവ, കത്തി, താടി, പച്ച, മിനുക്ക്. യാത്രക്കിടയിൽ ഇത്തരം കാര്യങ്ങൾ എൻെറ മനസ്സിലൂടെ ഓടിയിരുന്നത് കൊണ്ട് സമയം രസകരമായി നീങ്ങികൊണ്ടിരുന്നു. ബിരുദം നേടാനുള്ള എൻെറ യാത്ര എൻെറ ഭാവിയിലേക്ക്യുള്ള ഒരു

യാത്രയായിരുന്നു എന്ന് അന്ന് കൗമാരം വിട്ട് യൗവ്വനം തൊട്ടു തുടങ്ങിയ എൻെറ പ്രായത്തിനു ഊഹിക്കാൻ കഴിഞ്ഞില്ല. ഞാൻ മദിരാശിയിൽ നിന്നും ബിരുദവും ബിരുദാനന്ത ബിരുദവും നേടി. വിദ്യാർഥിയായി അവിടെ ചെന്ന ഞാൻ അദ്ധ്യാപകനായി. ഇന്ന് ആ കാലത്തേക്ക് തിരിഞ്ഞ് നോക്കുമ്പോൾ ജീവിതം ഓരൊ ഘട്ടത്തിലും എൻെറ മുന്നിൽ എനിക്ക് അനുഗ്രഹമായി പ്രത്യക്ഷപ്പെട്ട നല്ല നിമിഷങ്ങളെ കാണിച്ച് തരുന്നു. നമ്മുടെ വിധി മുമ്പേ എഴുതപ്പെട്ടു എന്ന് പറയുന്നതിൽ വാസ്ലതവമില്ലാതില്ലെന്ന് എൻെറ ജീവിതാം എന്നെ പഠിപ്പിക്കുന്നു..

മദിരാശിയിലെ പ്രസിദ്ധമായ ലയോള കോളേജിൽ ആണു് എനിക്ക് പ്രവേശനം കിട്ടിയിരിക്കുന്നത്. 1540ൽ ഇഗ്നേഷ്യസ് ലയോള സ്ഥാപിച്ച സന്യാസസമൂഹാംഗങ്ങളുടെ ( Jesuit) മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത കോളേജ് കത്തോലിക്ക ആചാരങ്ങൾ കണിശമായി പാലിച്ചിരുന്നു. എല്ലാ വിദ്യാർഥികളും ദിവസേന കുർബ്ബാന കണ്ടിരിക്കണമെന്ന് നിർബന്ധമായിരുന്നു. ദൈവീകമായ കാര്യങ്ങളിൽ എനിക്ക് വിശ്വാസക്കുറവില്ലായിരുന്നെങ്കിലും ചില ദിവസങ്ങളിൽ ഞാൻ അത് ഒഴിവാക്കാൻ ശ്രമിച്ച് പരാജയപ്പെട്ടിരുന്നു. അവിടത്തെ അദ്ധ്യാപകന്മാരും, മറ്റ് ജോലികൾ വഹിക്കുന്നവരും പുരോഹിതരാണു്. കർശനമായ അച്ചടക്കം പാലിക്കാൻ എല്ലാ വിദ്യാർത്ഥികളും ബാദ്ധ്യസ്ഥരാണു്. നാട്ടിലെ സെൻറ് തോമസ്സ് കോളേജിൽ നിന്നും വന്ന ഞാൻ ലയോള കോളെജിൻെറ ഭംഗിയും പ്രൗഢിയും കണ്ട് അമ്പരന്ന് പോയിട്ടുണ്ട്. കോളെജിൻെറ ചി□മായി കൊടുത്തിരിക്കുന്ന ചിത്രത്തിൽ ഇങ്ങനെ ലേഖനം ചെയ്തിട്ടുണ്ട്. നിൻെറ പ്രകാശം പ്രഭ ചൊരിയട്ടെ. (Luceat Lux Vestra=Let your light shine) ഇന്നത്തെ ചെന്നൈയുടെ ഹ്രുദയഭാഗമായ നുങ്കംബക്കം എന്ന സ്ഥലത്ത് തൊണ്ണൂറ്റിയൊമ്പത് ഏക്കറിലായി പരന്ന് കിടക്കുന്ന ആ കോളേജ് ഒരു അത്ഭുത ദർശനമാണു് എനിക്ക് നൽകിയത്. വരിവരിയായി നട്ട മരങ്ങൾ ഭംഗി വർദ്ധിപ്പിക്കുന്ന കോളേജ് കെട്ടിടവും അതിനടുത്തുള്ള ഗോഥിക്ക് മാത്രുകയിലുള്ള ഉയർന്ന ഗോപുരങ്ങൾ ഉള്ള പള്ളിയും ഒരു ദൈവീക സാന്നിദ്ധ്യം വിളിച്ചറിയിച്ചിരുന്നു. വിദ്യാലയങ്ങളുടെ ഹ്രുദയം എന്നു പറയാവുന്ന നല്ല ലൈബ്രറി ഈ കോളെജിൽ ഉണ്ടായിരുന്നു. എൻെറ വിജ്ഞാന ത്രുഷ്ണയ്ക്ക് ശമനം നൽകിയത് അവിടത്തെ അലമാരകളിൽ അടുക്കി വച്ചിരുന്ന പുസ്തകങ്ങളാണു്. വിദ്യാർത്ഥിജീവിതത്തിൽ പലരും ഉഴപ്പി കളയുന്ന നല്ല നിമിഷങ്ങളെ ഞാൻ പ്രസ്തുത വായനശലായിൽ ഇരുന്ന് പ്രയോജനപ്പെടുത്തി. വിശാലമായ ആ ലൈബ്രറിയുടെ ഹാളിൽ പലപ്പോഴും ഞാൻ ഒറ്റക്ക് മണിക്കൂറുകൾ ചിലവഴിച്ചിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷയിലെ ക്ലാസിക്ക് പുസ്തകങ്ങൾ വായിക്കാൻ

എനിക്കവസരം ലഭിച്ചു,




Layola College, Chennai

അല്ലെങ്കിൽ ഞാൻ അവസരം ഉണ്ടാക്കി. എന്നിലെ എഴുത്തുകാരനു മാനസികോല്ലാസം നൽകിയ പുസ്തകങ്ങൾ എന്നും ഓർമ്മയിൽ മങ്ങാതെ നിൽക്കുന്നു. എൻെറ ജിജ്ഞസുവായ മനസ്സ് അറിയാൻ ആഗ്രഹിച്ചതെല്ലാം നിർലോഭം വിളമ്പി തന്ന ആ ലൈബ്രറി എന്നെപോലെ തന്നെ മറ്റ് വിദ്യാർത്ഥികൾക്കും പ്രയോജൻപ്രദമായിട്ടുണ്ടാകും.

ഈ കോളെജിൽ പഠിച്ച പ്രശസ്തരായ ചിലരുടെ പേരുകൾ വായനകാരുടെ അറിവിലേക്കായി ഞാൻ പങ്ക് വയ്ക്കുന്നു. ഇന്ത്യയുടെ മുൻ രാഷ്ട്രപതി ആർ വെങ്കിട്ടരാമൻ, മുൻ ധനകാര്യ മന്ത്രി, പി. ചിദംബരം, മുൻ മേഘാലയ ഗവർണ്ണർ ഡോക്ടർ എം.എം. ജെയ്ക്കബ്, ഏഷ്യനെറ്റിൻെറ സ്ഥാപകൻ ശ്രീ ശശികുമാർ, ശുഭ്രവിപ്ലവത്തിൻെറ പിതാവ് എന്നറിയപ്പെടുന്ന വർഗീസ്സ് കുര്യൻ, ടെന്നീസ് സ്റ്റാർ വിജയ് അമ്രുതരാജ്, സിനിമനടന്മാരായ, ചാരുഹാസൻ, ഭാഗ്യരാജ്, വിക്രം, വിശാൽ, പിന്നെ നിങ്ങൾക്ക് സുപരിചിതനായ ന്യൂയോർക്കിൽ താമസിക്കുന്ന പ്രൊഫ എം.ടി. ആൻറണി.

വിദ്യാർത്ഥിജീവിതം വളരെ ആനന്ദപൂർണ്ണമായിരുന്നു. വളരെ നല്ല അദ്ധ്യാപകർ, സരസ്വതീകടാക്ഷം തങ്ങി നിൽക്കുന്ന അന്തരീക്ഷം. സഹപാഠികളിൽ ഭൂരിപക്ഷവും തമിഴരും, തെലുങ്കരുമായിരുന്നു. കോളേജ്കുമാരന്മാരുടെ ഉഴപ്പ് ഒന്നും കോളേജിൽ അനുവദനീയമല്ലെങ്കിലും അനുവദിക്കുന്ന സമയങ്ങളിൽ ഹോസ്റ്റലിൽ നിന്നും പോയി

ചില്ലറ വിനോദങ്ങളിൽ ഏർപ്പെട്ടിരുന്നു അവർ. അവരുടെ അഭിരുചിയുമായി എനിക്ക് പൊരുത്തപ്പെടാൻ കഴിയാതിരുന്നത് കൊണ്ട് ഞാൻ ഒരു ഒറ്റയാനായി എന്നു വേണമെങ്കിൽ പറയാം. എനിക്ക് കലാപരമായ കാര്യങ്ങളിലും മ്യൂസിക്ക്, മൂവി, സ്പോർട്സ് തുടങ്ങിയവയിലും കമ്പമായിരുന്നു. അന്ന് അവിടത്തെ മിനർവ എന്ന പേരായ സിനിമാ തിയ്യേറ്ററിൽ ഇംഗ്ലീഷ് പടങ്ങൾ വന്നിരുന്നു. അതിലൊന്ന് എന്റെ ഓർമ്മയിൽ വരുന്നത് "ബൈസിക്കിൾ തീഫ്" എന്ന പടമാണ്. യാഥാർത്ഥ്യത്തെ ചിത്രീകരിക്കുന്ന കലാപ്രസ്ഥാനത്തിനു മുൻ തൂക്കം നൽകുന്ന വിധമാണിതിന്റെ കഥയും അവതരണവും. സാഹിത്യത്തോട് ബാല്യകാലം മുതൽ പ്രതിപത്തി അല്ലെങ്കിൽ ഒരു തരം അഭിനിവേശമുണ്ടായിരുന്ന എനിക്ക അത്തരം പടങ്ങൾ കലാപരമായ സംതൃപ്തി നൽകി. ധാരാളം ഹിന്ദി ചിത്രങ്ങളും അവിടെ പ്രദർശിപ്പിച്ചിരുന്നു.

അന്ന് മദ്രാസ്സ് അമേരിക്കയിലെ ഹോളിവുഡ്ഡ് പോലെയായിരുന്നു. സുന്ദരന്മാരും, സുന്ദരികളും സിനിമാ ലോകം സ്വപ്നം കണ്ട് അവിടേക്ക് ചേക്കേറിയിരുന്നു. കോടമ്പക്കം എന്ന സ്ഥലം നടീ-നടന്മാരുടെ വാസസ്ഥലമായി. ഒറ്റയാനായി അന്ന് ടൗണിൽ ഒക്കെ കറങ്ങുമ്പോൾ അന്നത്തെ പ്രശസ്ത നർത്തികമാരും നടിമാരുമായ ലളിത-പത്മിനി-രാഗിണിമാരെ വളരെ അടുത്ത് കണ്ടിരുന്നു. പത്മിനിയുടെ സൗന്ദര്യം അന്ന് യുവാവായിരുന്ന എന്നെ ഹരം പിടിപ്പിച്ചിരുന്നു. അവർ വളരെ പ്രശസ്തയായ ഒരു നടിയാകുമെന്ന് ഞാൻ മനസ്സിൽ കരുതി. പിന്നീട് തമിഴും മലയാളവും വിട്ട് അവർ ഹിന്ദി സിനിമയിലും തന്റെ നടന-അഭിനയ മികവ് കാട്ടി പേരെടുത്തപ്പോൾ എന്റെ അനുമാനം തെറ്റിയില്ലെന്ന് ഞാൻ അഭിമാനം കൊണ്ടു.



Prof.MN Vijaya, Dr.KM George,Dr.Sukumar Azhikode



OV Vijayan, Sathyan

പഠന സമയം കഴിഞ്ഞുള്ള ഒഴിവ് വേളകളിൽ ഞാൻ എന്റെ കലാ-സാഹിത്യ താൽപ്പര്യങ്ങളെ പ്രയാണം ചെയ്ത് കൊണ്ടിരുന്നു. അങ്ങനെയാണു പ്രശസ്ത നടൻ സത്യനുമായി ഒരു ചങ്ങാത്തം സ്ഥാപിക്കാൻ എനിക്ക് കഴിഞ്ഞത്. ഒരു നല്ല അഭിനേതാവായിരുന്ന സത്യൻ ഒരു നല്ല ഹ്രുദയത്തിന്റെ ഉടമ കൂടിയായിരുന്നു എന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അൽപ്പം മദ്യത്തിലും സിഗരറ്റിലും വിനോദം കണ്ടെത്തുന്ന എന്റെ സഹപാഠികളിൽ നിന്ന് അകന്ന് സിനിമയും അതെപോലെ കലാ രൂപങ്ങളും കണ്ട് ആസ്വദിച്ച് നടന്നിരുന്ന എനിക്ക് സിനിമ കാണാൻ പലപ്പോഴും കൂട്ടയി ഉണ്ടായിരുന്നത് മലയാളസിനിമയുടെ

അഭിമാനമായ സത്യനാണ്. ഒരിക്കൽ ഞങ്ങൽ സത്യ്ജിത് റേയുടെ പാഥേർ പാഞ്ചാലി കണ്ട് കൊണ്ടിരുന്നപ്പോൾ അതിലെ ഹ്രുദയസ്പർശിയായ ഒരു രംഗം കണ്ട് സത്യൻ കരഞ്ഞു. കെർചീഫ് കൊണ്ട് കണ്ണുകൾ ഒപ്പി വലിയ നെടുവീർപ്പിടുന്ന സത്യൻ ആ രംഗവുമായി ഇഴുകി ചേരുകയായിരുന്നു. മലയാളത്തിൽ അനശ്വര കഥാപാത്രങ്ങളെ അവതരിപ്പിച്ച ആ മഹാനടനെ ഞാൻ ഇതെഴുതുമ്പോൾ ഓർക്കുന്നു. അദ്ദേഹത്തിൻെറ ആത്മാവിനു നിത്യശാന്തി നേരുന്നു.

പഠിത്തത്തിൽ വളരെ ശ്രദ്ധപതിപ്പിക്കുന്ന അർപ്പണബോധമുള്ള ഒരു വിദ്യാർത്ഥിയാണെങ്കിലും സാഹിത്യപരമായ ചില കുത്തിക്കുറിക്കലിനു ഞാൻ സമയം കണ്ടെത്തിയിരുന്നു. അന്ന് "കേരളപത്രിക" എന്നൊരു മാസിക എറണാക്കുളത്ത് നിന്നും പ്രസിദ്ധീകരിച്ചിരുന്നു. ഞാൻ അതിലേക്ക് എൻെറ ക്രുതികൾ അയക്കുകയും അവർ അത് പ്രസിദ്ധീകരിക്കയും ചെയ്തിരുന്നു. അതിനുള്ള പ്രതിഫലം എനിക് ഒരു പോക്കറ്റ് മണിയുടെ ഉപകാരം ചെയ്തിരുന്നു. അങ്ങനെ സഹപാഠികളുടെ ഇടയിലും അദ്ധ്യാപകരുടെ ഇടയിലും "എഴുത്തുകാരൻ" എന്ന അസൂയാർഹമായ ഒരു പദവി ഞാൻ വഹിച്ചിരുന്നു. കോളേജ് മാഗസിനുകളിലും എൻെറ രചനകൾ മുറയ്ക്ക് വന്നുകൊണ്ടിരുന്നു. ആയിടക്ക് മദ്രാസ്സിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന ജയകേരളം എന്ന മാസികയിലും എഴുതാൻ എനിക്ക് അവസരം കിട്ടിയിരുന്നു. അന്ന് ഞാൻ നിർമ്മൽകുമാർ എന്ന തൂലികാനാമത്തിലാണു എഴുതിയിരുന്നത്. എങ്കിലും അത് ഞാനാണെന്ന് എന്നെ അടുത്ത് പരിചയമുള്ളവർക്കറിയാമായിരുന്നു. സമസ്ത കേരള പരിഷത്തിൻെറ ആഭിമുഖ്യത്തിൽ ജയകേരളം എന്ന മാസിക ചർച്ചക്കായി ഒരു വിഷയം തേടിയപ്പോൾ ഞങ്ങളുടെ അദ്ധ്യാപകൻ ഡോക്ടർ സി.ആർ. ക്രുഷണപിള്ള മലയാളി വിദ്യാർത്ഥികളായ ഞങ്ങളോട് ഒരു പേരു നിർദ്ദേശിക്കാൻ ആവശ്യപ്പെട്ടു. പലരും പല പേരും പറഞ്ഞെങ്കിലും ഒന്നും സ്വീകാര്യമോ, അനുയോജ്യമോ ആയിരുന്നില്ല. അദ്ദേഹം എന്നോട് ചോദിച്ചു. ഞാൻ ഉടനെ തന്നെ പറഞ്ഞു" എഴുത്തുകാരൻെറ സാമൂഹ്യബോധം, ഇന്ന്, ഇന്നലെ, നാളേ". ഇത് വലിയ കയ്യടിയോടെ എല്ലാവരും സ്വീകരിച്ചു. ക്രുഷ്ണപിള്ള സാറിനു വളരെ സന്തോഷമായി. ഞാനപ്പോൾ അതെപോലെ ഒരു രംഗം ഓർമ്മിക്കയായിരുന്നു. എൻെറ ലേഖനം വായിച്ച് "എടോ വിദ്വാൻ" ഇത് താൻ എവിടെ നിന്നെങ്കിലും പൊക്കിയതാണോ എന്ന ചോദിച്ച എൻെറ പ്രിയ ഗുരുനാഥൻ മുണ്ടശ്ശേരിമാഷുടെ മുറുക്കി ചുവപ്പിച്ച ചുണ്ടിലെ ചിരി.

മദിരാശി അന്ന് ഇന്നത്തേക്കാൾ വളരെ വ്യത്യസ്ഥമായിരുന്നു. രണ്ട് പ്രമുഖ രാഷ്ട്രീയ പാർട്ടികൾക്ക് അത് ജന്മം നൽകി. ഭാഷയുടെ അടിസ്ഥനത്തിൽ ഭാരതത്തിലെ സംസ്ഥാനങ്ങൾ വിഭജിക്കപ്പെട്ടപ്പോൾ വടക്കെ ഇന്തയിലെ ഭാഷകളെ ഇന്ത്യോ–ആര്യൻ എന്നും തെക്കെ ഇന്ത്യയിലെ ഭാഷകളെ ദ്രാവിഡിയൻ എന്നും വിളിച്ചു. അങ്ങനെ ദ്രാവിഡിയിൻ സമൂഹത്തിൽ നിന്നും ഉടലെടുത്തവയാണു ഡി.എം.കെയും ( ദ്രാവിഡ മുന്നേറ്റ കഴകം) എ.ഡി.എം.കെയും ( അണ്ണ ദ്രാവിഡ മുന്നേട്ട കഴകം). അക്കാലത്ത് സിനിമകൾക്ക് തിരക്കഥയും ഗാനങ്ങളും രചിച്ചിരുന്ന എം. കരുണാനിധിയും ( ശരിയായ

പേരു ദക്ഷിണാമൂർത്തി) രാഷ്ട്രീയ കളരികളിൽ പയറ്റാൻ തയ്യാറായി നിന്നിരുന്നു. സിനിമനടന്മാരേയും അതുമായി ബന്ധപ്പെട്ടവരേയും തമിഴർക്ക് "കടവുൾ"( ദൈവം) പോലെയായിരുന്നു. ചൂടും, പൊടിയും, നഗരനാട്യവുമുള്ള മദിരാശിയിൽ നിന്നും കോളേജ് അവുധിക്ക് നാട്ടിലെത്തുമ്പോൾ വിവരിക്കാനാവാത്ത ഒരു സുഖം നമ്മുടെ നാട് പകർന്ന് തന്നിരുന്നു. താക്കോൽ കൊടുക്കാതെ അരുണോദയത്തിൽ മുഴങ്ങുന്ന അലാറം, ഒരു കൊച്ച് കാറ്റെങ്ങാൻ വന്നു പോയാൽ തെരു തെരെ വീഴുന്ന പൂമഴ, മാവേലി പാട്ട് പാടുന്ന മലയാള നാട്, എങ്ങും ഹരിത ഭംഗിയോടെ നില കൊള്ളുന്ന കേരളം. ഒരു പക്ഷെ ജന്മനാടിനെ ഒത്തിരി സ്നേഹിച്ചത്കൊണ്ടാകും എനിക്ക് പ്രവാസം വിധിക്കപ്പെട്ടത്. ഇന്ന് അര നൂറ്റാണ്ടിലേറെ പ്രവാസിയായി കഴിഞ്ഞ ഞാൻ എന്റെ നാട് വിട്ട് പോന്നതിൽ അധികം ഖേദിക്കുന്നില്ല. പ്രശസ്തമായ കലാലയങ്ങൾ നമ്മുടെ അയൽപക്കത്തുണ്ടാകാൻ ആഗ്രഹിക്കുന്നതിൽ അർത്ഥമില്ല. മദിരാശിയും പരിസരവും ഞാൻ എന്റെ ജന്മനാടിനെ പോലെ കണ്ടു് അതിനോടിണങ്ങി കഴിഞ്ഞ് പോന്നു.

ബിരുദപഠനത്തിനു ശേഷം ബിരുദാനന്തരപഠനത്തിനും ഞാൻ മദ്രാസ്സിൽ തന്നെ തങ്ങി. ബിരുദത്തിനായി ഞാൻ തിരഞ്ഞെടുത്ത് വിഷയങ്ങൾ എക്കണോമിക്സ്, ഇംഗ്ലീഷ്, മലയാളം എന്നിവയായിരുന്നു. പരീക്ഷയിൽ ഏറ്റവും അധികം മാർക്ക് വാങ്ങിയത് ഇംഗ്ലീഷിനായിരുന്നു. അത് കൊണ്ട് തന്നെ ഉപരി പഠനത്തിനു മദ്രാസ് പ്രസിഡൻസി കോളേജിൽ ചേരാൻ പോയപ്പോൾ അവിടത്തെ പ്രിൻസിപ്പാൾ പ്രൊഫ അയ്യപ്പൻ പിള്ള എന്നോട് ഇംഗ്ലീഷ് മുഖ്യവിഷയമായി എടുത്ത് പഠിക്കാൻ ഉപദേശിച്ചു. എന്നാൽ ഞാൻ മലയാളം എം.എ. യ്ക്ക് ചേരാൻ ഇഷ്ടപ്പെട്ടു. അവിടെ അന്ന് ഇംഗ്ലീഷ് എം.എ.യ്ക്ക് പഠിക്കാനായി പിൽക്കാലത്ത് മലയാള നോവൽ ശാഖയെ പോഷിപ്പിച്ച ഒ.വി വിജയൻ ഉണ്ടായിരുന്നു. അന്ന് അദ്ദേഹം സാഹിത്യത്തിൽ കൈ വച്ച് തുടങ്ങിയിട്ടില്ല. മൃദുഭാഷിയും അൽപ്പം അന്തർമുഖനുമായിരുന്നു വിജയൻ.

മദ്രാസ്സിലെ വിദ്യാർത്ഥിജീവിതത്തിൽ നിന്നും പിന്നെ എന്നെ കാത്തിരുന്നത് അവിടെ തന്നെ അദ്ധ്യാപകനാകുക്ക എന്നാണ്. ആ അവസരത്തിൽ മദ്രാസ് ക്രൂസ്ത്യൻ കോളേജിൽ പഠിപ്പിച്ചിരുന്ന ഡോക്ടർ കെ.എം. ജോർജ്, ദെൽഹിയിൽ സാഹിത്യ അക്കാദമിയിൽ ജോലി കിട്ടി പോയി. എനിക്ക് താൽപ്പര്യമുണ്ടെങ്കിൽ ആ ജോലി സ്വീകരിക്കാമെന്ന് അദ്ദേഹം എന്നൊട് പറഞ്ഞതനുസരിച്ച് ഞാൻ അവിടെ ജോലി ചെയ്യുമ്പോൾ വീണ്ടും ഒരു വഴിത്തിരിവ് എന്ന പോലെ പ്രൊഫ എം.എൻ. വിജയൻ എന്നോട് ഒരു സഹായം ആവശ്യപ്പെട്ടു. മദ്രാസ് പ്രസിഡൻസി കോളേജിൽ പഠിപ്പിച്ചിരുന്ന അദ്ദേഹത്തിനു അത്യാവശ്യമായി മൂന്നു മാസത്തെ അവുധി വേണമായിരുന്നു. ആ ഒഴിവിൽ എനിക്ക് ജോലി ചെയ്യാൻ കഴിയുമോ എന്ന് അദ്ദേഹം ആരായുകയും ഞാൻ അത് സസന്തോഷം സ്വീകരിക്കുകയും ചെയ്തു. അന്നു മുതൽ എന്റെ പേരിനു മുന്നിൽ പ്രൊഫസ്സർ എന്ന ബഹുമതി കൂടിചേർന്നു. അവിടെ വച്ചാണ് ഞാൻ സുകുമാർ അഴിക്കോടുമായി പരിചയപ്പെടുന്നത്. **(തയ്യാറാക്കിയത് സുധീർ പണിക്കവീട്ടിൽ)** **(തുടരും)**